SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR
Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–01/10/2023.

1. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 2020 ഓഗസ്റ്റ് 31 വരെയും മറ്റു 12 ജില്ലകളിലെ കർഷകർ 2016 മാർച്ച് 31 വരെയും എടുത്ത കാർഷിക വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവായി. വ്യക്തിഗത അപേക്ഷകൾ സം സ്ഥാന കർഷക കടാശ്വാസ കമ്മിഷനിൽ ഡിസംബർ 31 വരെ സ്വീകരിക്കും. നേരിട്ടോ തപാൽ മുഖേനയോ അപേക്ഷിക്കാം. കമ്മീഷനിലൂടെ കാർഷിക കടാശ്വാസം മുൻപു ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ പാടില്ല. നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മാത്രമാണ് സർക്കാരിന്റെ കടാശ്വാസ പദ്ധതിയുമായി സഹകരിക്കുന്നത്. അതിനാൽ മറ്റു ബാങ്കുകളിലെ വായ്പാ കുടിശികയിൽ അപേക്ഷ സ്വീകരിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **0471 2743782, 2743783.** റേഷൻ കാർഡിന്റെ പകർപ്പ്, വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫിസറുടെ സാക്ഷ്യ പത്രത്തിന്റെ അസ്സൽ, കർഷകനാണെന്ന് തെളിയിക്കുന്നതിന് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം (അസ്സൽ) വായ്പ നിലനിർത്തുന്ന പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവ അപേക്ഷക്കൊപ്പം നൽകേണ്ടതാണ്.

**2.** ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പശു യൂണിറ്റ്, വ്യക്തിഗത വാണിജ്യ ഡയറി ഫാമുകൾക്കും, യുവാക്കൾക്കായുള്ള സ്മാർട്ട് ഡയറി ഫാമുകൾക്കും ക്ഷീരലയം (തോട്ടം മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക്), ക്ഷീരതീരം (മത്സ്യ/ കയർ മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക്), കാലി തൊഴുത്ത് നിർമ്മാണം, ഡെയറി ഫാം ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, വാണിജ്യ അടിസ്ഥാനത്തിലുള്ള ഫാമുകൾ എന്നിവയ്ക്കായി ധനസഹായം നൽകുന്നു. താല്പര്യമുള്ളവർക്ക് ക്ഷീരശ്രീ പോട്ടൽ മുഖേന അപേക്ഷിക്കാവുന്നതാണ്.

**3.** സംസ്ഥാന ഫിഷറീസ് വകുപ്പ് ആവിഷ്ക്കരിച്ച് കേരള വികസന ഏജൻസി (ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള -അഡാക്ക്) വഴി നടപ്പിലാക്കുന്ന "വന്നാമി ചെമ്മീൻ കൃഷി വികസന പദ്ധതിയുടെ 2023 – 24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധന സഹായത്തിനായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. കൊല്ലം ജില്ലയിൽ നിലവിൽ സ്വന്തം നിലയ്ക്കോ പാട്ടത്തിനെടുത്തോ മറ്റ് ചെമ്മീൻ കൃഷി ചെയ്യുന്നവർക്കും പുതുതായി കൃഷി സ്ഥലം വികസിപ്പിക്കുവാനായി സാഹചര്യം

ഉള്ളവർക്കും നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫോറങ്ങൾ അഡാക്കിന്റെ നീണ്ടകരയിലുള്ള ദക്ഷിണ മേഖലാ റീജിയണൽ എക്സിക്യൂട്ടീവിന്റെ ആഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ നേരിട്ട് വാങ്ങാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ ഉള്ളടക്കം ചെയ്ത് സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 05 (05/10/2029) ആണ്. കൂടുതൽ വിവരങ്ങൾക്കായി റീജിയണൽ എക്സിക്കുട്ടീവ്, ദക്ഷിണ മേഖല, അഡാക്ക്, ഫിഷറീസ് കോംപ്ലക്സ്, നീണ്ടകര പി.ഒ., കൊല്ലം - 691582 എന്ന വിലാസത്തിൽ നേരിട്ടോ 7907047852 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

4. കഴക്കൂട്ടം തെങ്ങിൻ തൈ ഉൽപാദന കേന്ദ്രത്തിൽ ശീതകാല പച്ചക്കറികളായ ക്യാബേജ്, ക്വാളിഫ്ലവർ, ബീറ്റ്റൂട്ട്, ക്യാരറ്റ് തുടങ്ങിയ പച്ചക്കറികളുടെയും തക്കാളി, മുളക്, വഴുതന, വെണ്ട തുടങ്ങിയ പച്ചക്കറി വിളകളുടെയും തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യക്കാർ കഴക്കൂട്ടം തെങ്ങിൻ തൈ ഉൽപാദന കേന്ദ്രവുമായി നേരിട്ടോ **9383470302** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടണമെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

5. കോട്ടയം ജില്ലയിലെ വാഴൂർ ബ്ലോക്കിലെ കറുകച്ചാൽ, നെടുംകുന്നം, കങ്ങഴ, വെള്ളാവൂർ, ചിറക്കടവ് ഗ്രാമപഞ്ചായത്തുകളിലെ കറവപ്പശുക്കൾക്കുള്ള കാലിത്തീറ്റ സബ്സിഡി പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ക്ഷീരകർഷകർ അപേക്ഷയും അനുബന്ധരേഖകളും നൽകണം. സബ്സിഡി നിരക്കിൽ കാലിത്തീറ്റ വാങ്ങാൻ താല്പര്യമുള്ളവർ ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകൾ സഹിതം ക്ഷീരസംഘം വെറ്ററിനറി സർജന്റെ സാക്ഷ്യപത്രത്തോടുകൂടിയ അപേക്ഷ വാഴൂർ ബ്ലോക്കിലെ ക്ഷീര സംഘങ്ങളിലോ നെടുംകുന്നത്ത് പ്രവർത്തിക്കുന്ന വാഴൂർ ക്ഷീരവികസന യൂണിറ്റിലോ ഒക്ടോബർ ഏഴിനകം നൽകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **0481 2417722.**

**പരിശീലന പരിപാടി**

6 കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 5,6 തീയതികളിൽ ആട് വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471 2732918 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7 കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"ഹൈടെക് കൃഷി"** വിഷയത്തിൽ തയ്യാറാക്കിയ മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023 ഒക്ടോബർ 03 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ 2023 ഒക്ടോബർ 02 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 25 ദിവസം ദൈർഘ്യമുള്ള കോഴ്സ് മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പതിനൊന്ന് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ ഫോണിൻറെ സഹായത്തോടെ പഠിക്കാവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്ത് ഒക്ടോബർ 03 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം